**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5529** **24-03-2025 - ൽ മറുപടിയ്ക്ക്**

**കോടതികളിലെ ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആമീൻ, പ്രോസസ് സെർവർ തുടങ്ങിയ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകാത്തതുമൂലം വിവിധ കോടതികളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ നിയമനങ്ങൾ നടത്താൻ കഴിയാത്ത സ്ഥിതിവിശേഷം പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഡിജിറ്റൽ ജില്ലാ കോടതികളുടെ രൂപീകരണം പരിഗണനയിലുള്ള വിഷയമാകയാൽ പ്രോസസ്സ് സെർവർ തസ്തികയിലേക്കുള്ള നിയമനം മറ്റൊരു ഉത്തരവ് ഉണ്ടാകുന്നതു വരെ മാറ്റിവെയ്ക്കുവാൻ ബഹു. ഹൈക്കോടതി നിർദേശം നൽകിയിട്ടുണ്ട്.<br><br>ആമീൻ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് നിലവിൽ തടസങ്ങളൊന്നുമില്ല. |
| (ബി) | വിവിധ കോടതികളിലായി ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | ജില്ലാ ജുഡീഷ്യറി വിഭാഗത്തിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ 25 ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | 2026 മാർച്ച് 31 ന് മുൻപ് ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ആന്റിസിപ്പേറ്ററി ഒഴിവുകൾ ഉൾപ്പെടെയുള്ളവ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ